# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 504** | **23.03.2018 ൽ മറുപടിയ്ക്ക്**

<u>ആദിവാസി ക്ഷേമ പ്രവർത്തനങ്ങളിൽ വനം വകുപ്പിന്റെ പങ്ക്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീചിറ്റയം ഗോപകുമാർ<br>ശ്രീമുഹമ്മദ് മുഹസിൻ പി.<br>ശ്രീവി.ആർ. സുനിൽ കുമാർ | ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) ആദിവാസി ക്ഷേമ പ്രവർത്തനങ്ങളിൽ വനം വകുപ്പിന്റെ പങ്ക് വിശദമാക്കുമോ; | (എ) ആദിവാസി സമൂഹത്തിന്റെ സമഗ്രമായ ഉന്നമനത്തിനായി വനം വകുപ്പ് വിവിധ പദ്ധതികളും, പരിപാടികളും നടപ്പാക്കിവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും മറ്റ് ഏജൻസികളുടെയും ധനസഹായത്തോടെയുള്ള വിവിധ വനസംരക്ഷണ പരിപാലനപ്രവർത്തനങ്ങൾ, വനശ്രീ, ഇക്കോടൂറിസം തുടങ്ങിയ പരിപാടികൾ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തത്തോടെ വനസംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി നടപ്പാക്കുന്നതിലൂടെ തൊഴിലും ജീവിതോപാധി വർദ്ധനവും, വനവിഭവ ശേഖരണ, മൂല്യവർദ്ധനവിൽ പരിശീലനം. ഇക്കോടൂറിസം ഗൈഡുമാർക്ക് വിദഗ്ധ പരിശീലനം ആദിവാസി ഊരുകളിൽ സർവ്വേ നടത്തി റോഡ്, അംഗൻവാടി, കുടിവെള്ള ലഭ്യത, വൈദ്യുതീകരണം, ടോയ് ലറ്റ് സംവിധാനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിനുള്ള സംവിധാനങ്ങൾ ഒരുക്കി. ഊരുമിത്ര പദ്ധതി വഴി വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങളെ സംബന്ധിച്ച അവബോധം ഉണ്ടാക്കുവാനും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സഹായ സഹകരണങ്ങൾ നല്കി വരുന്നു. ആദിവാസികളുടെ കൃഷിക്കും, സ്വത്തിനും, സംരക്ഷണം നല്കുന്നതിനായി സൗരോർജ്ജവേലികൾ, ജൈവവേലികൾ, നഷ്ടപരിഹാരം, ഇൻഷു- |

റൻസ് പരിരക്ഷ തുടങ്ങിയവ ഏർപ്പെടുത്തി. പട്ടികവർഗ്ഗ വികസന വകുപ്പ് വഴിയുള്ള പദ്ധതികൾ നടപ്പാക്കി. വിവിധ പദ്ധിതകളിലൂടെ വിദ്യാഭ്യാസ സഹായം, പഠനോപകരണങ്ങളുടെ വിതരണം നടത്തൽ തുടങ്ങിയവ നടപ്പാക്കുന്നു. ആദിവാസികൾക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നല്കി വരുന്നു. സ്കൂൾ, ആശുപത്രി, മറ്റ് അടിയന്തിര ആവശ്യങ്ങൾക്കായി വാഹന-സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു. വീട്ടു നിർമ്മാണം, അറ്റകുറ്റപ്പണികൾ, വൈദ്യുതീ-കരണം എന്നിവയ്ക്ക് സഹായം നല്കുന്നു. ഈറ, മുള എന്നിവ സൗജന്യമായി നല്കുകയും, ഇവ ഉപയോഗിച്ചുള്ള ക്രാഫ്റ്റ് നിർമ്മാണത്തിൽ പരിശീലനം നല്കുന്നു. ഇത്തരം പ്രവർത്തി-കളിലൂടെ ആദിവാസികൾക്ക് കൂടുതൽ തൊഴി-ലവസരങ്ങളും, ഒപ്പം ജീവനോപാധി വർദ്ധനവും അടിസ്ഥാന സൗകര്യവികസനവും സാദ്ധ്യമാ-ക്കുന്നു.

(ബി) ആദിവാസി യുവാക്കൾക്ക് ഇക്കോടൂറിസം മേഖലകളിൽ തൊഴിൽ നല്കുന്നുണ്ടോ; കൂടുതൽ ആദിവാസി വിഭാഗങ്ങൾക്ക് ഈ മേഖലയിൽ തൊഴിൽ നല്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ബി) ഉണ്ട്. ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതർ അംഗങ്ങളായ വനസംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവകളിലെ അംഗങ്ങളായവരും, പ്രധാന-മായും ആദിവാസി വിഭാഗത്തിൽപ്പെട്ടതുമായ യുവതീയുവാക്കളെയാണ് ഇക്കോടൂറിസം മേഖലകളിൽ ഗൈഡുകളായി നിയോഗി-ക്കാറുള്ളത്. ഇവർക്ക് ഇക്കോടൂറിസത്തിൽ ആവശ്യമായ പരിശീലനങ്ങൾ നല്കിവരുന്നുണ്ട്. ഇത്തരത്തിൽ ഏകദേശം 100 യുവതീ-യുവാക്കൾക്ക് കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ സ്റ്റഡീസ് (KITS) വഴി പരിശീലനം നല്കിയിട്ടുണ്ട്. ഇനിയും കൂടുതൽ പേർക്ക് പരിശീലനം നല്കാൻ പദ്ധതിയുണ്ട്. ഏകദേശം 600 യുവതീ യുവാക്കൾ നിലവിൽ ഇക്കോടൂറിസം മേഖലയിൽ ഗൈഡുകളായി പ്രവർത്തി-ക്കുന്നുണ്ട്. പരിസ്ഥിതിക്കിണങ്ങുന്ന തരത്തിൽ കൂടുതൽ ഇക്കോടൂറിസം പദ്ധതികൾ നടപ്പാക്കാൻ കഴിയുന്ന മുറയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രധാനം ചെയ്യാൻ സാധിക്കും എന്ന് കരുതുന്നു.

(സി) ആദിവാസി വിഭാഗത്തിൽ നിന്നും ഫോറസ്റ്റ് വാച്ചർമാരായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വനം വകുപ്പിൽ 700 ആദിവാസി വാച്ചർമാരുടെ പുതിയ തസ്തികകളിൽ സൃഷ്ടിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം പ്രത്യേക നിയമനം നല്കിയിട്ടുണ്ട്.

(ഡി) തുടർന്നും കൂടുതൽ ആദിവാസി വിഭാഗങ്ങൾക്ക് നിയമനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(ഡി) കൂടുതൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തിരം നിയമിക്കുന്നതിന് സർക്കാർ ആലോചിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ